LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ. വായ്പാ നടപടിക്രമങ്ങൾ

148 (7984) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. കൊള്ളപ്പലിശയാണ് ഈടാക്കുന്നതെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.എഫ്.ഇ.-യിൽ നിന്നും വായ്പ ലഭിക്കുന്നതിനും ചിട്ടികൾ കരസ്ഥമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് സാധാരണക്കാർക്ക് കൂടുതൽ സഹായം നല്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. കൊള്ളപ്പലിശ ഈടാക്കുന്നില്ല. റിസർവ് ബാങ്കിന്റെയും സംസ്ഥാന സർക്കാരിന്റെയും നിബന്ധനകൾക്കനുസരിച്ചുള്ള പലിശ മാത്രമേ ഈടാക്കുന്നുള്ളൂ.

(ബി) കെ.എസ്.എഫ്.ഇ.-യിൽനിന്നും വായ്പ അനുവദിക്കുന്നതിനും ചിട്ടിയുടെ ലഭ്യമാക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ പരിശോധിച്ച് ലഘൂകരിക്കാറുണ്ട്. ചിട്ടി പണം കൈപറ്റുമ്പോൾ ഭാവിയിലടക്കാനുള്ള തുകയുള്ള ആൾ ജാമ്യ പരിധി 2012 ഏപ്രിൽ മുതൽ 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വസ്തു ജാമ്യ പരിധി ഒരു കോടി രൂപയിൽനിന്നും 2.5 കോടി രൂപയായി വർദ്ധിപ്പിച്ചു. സ്വർണ്ണപ്പണയ വായ്പ 3 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയായും വ്യക്തിഗത വായ്പ 10 ലക്ഷം രൂപയിൽനിന്നും 15 ലക്ഷം രൂപയായും കൺസ്യൂമർ ലോൺ 10 ലക്ഷം രൂപയിൽനിന്നും 15 ലക്ഷം രൂപയായും ഭവന വായ്പ 25 ലക്ഷം രൂപയിൽനിന്നും 50 ലക്ഷം രൂപയായും ചിട്ടി വായ്പ 25 ലക്ഷം രൂപയിൽനിന്നും 75 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സുഗമ അക്ഷയ ഓവർ ഡ്രാഫ്റ്റ് 1 ലക്ഷം രൂപയിൽനിന്നും പരമാവധി 2 ലക്ഷം രൂപയാക്കിയിട്ടുണ്ട്. ബ്രാഞ്ചുതലത്തിലും റീജിയണൽ ഓഫീസ് തലത്തിലും അനുവദിക്കാവുന്ന ചിട്ടി/വായ്പ തുകയുടെ പരിധിയിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്.

കേന്ദ്ര ചിട്ടി നിയമവും കെ.എസ്.എഫ്.ഇ.-യുടെ സാമ്പത്തിക നഷ്ടവും

149 (7985) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നടപ്പാക്കിയപ്പോൾ കെ.എസ്.എഫ്.ഇ.-ക്ക് ലഭിച്ചിരുന്ന പ്രത്യേക സംരക്ഷണവും ഇളവുകളും നഷ്ടമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പുതിയ ചിട്ടി ആക്ട്പ്രകാരം എത്ര രൂപയുടെ സെക്യൂരിറ്റി നിക്ഷേപമാണ് കെ.എസ്.എഫ്.ഇ. ട്രഷറിയിൽ നടത്തിയിട്ടുള്ളതെന്നും ആരുടെ പേരിലാണ് നിക്ഷേപമുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) ഈ നിക്ഷേപത്തിന് ട്രഷറി പലിശ ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് പ്രതിമാസം കെ.എസ്.എഫ്.ഇ.ക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്ത് കൊണ്ടാണ് നിക്ഷേപത്തിന് പലിശ ലഭിക്കാത്തത് ;

(ഇ) പുതിയ ചിട്ടി ആക്ട് പ്രകാരം ചിട്ടി നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ സെക്യൂരിറ്റി നിക്ഷേപത്തിന് പലിശ ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ കെ.എസ്.എഫ്. ഇ.-ക്ക് ഇത് നിഷേധിക്കുന്നത് എന്ത് കൊണ്ടാണെന്ന് വിശദീകരിക്കുമോ ;

(എഫ്) പുതിയ ചിട്ടി ആക്ട് വരുന്നതിന് മുൻപ് സെക്യൂരിറ്റി നിക്ഷേപം ആരുടെ പേരിലാണ് കെ.എസ്.എഫ്.ഇ. നിക്ഷേപിച്ചിരിക്കുന്നത് ; എത്ര രൂപയാണ് പ്രതിമാസം പലിശയായി ലഭിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) പുതിയ ചിട്ടി നിയമം കെ.എസ്.എഫ്.ഇ.ക്ക് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നടപ്പാക്കിയപ്പോൾ കെ.എസ്.എഫ്.ഇ.-ക്ക് ലഭിച്ചിരുന്ന ചില പ്രത്യേക സംരക്ഷണവും ഇളവുകളും നഷ്ടമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിക്കുകയും പരമാവധി 5 വർഷം വരെയുള്ള ചിട്ടികൾ മാത്രമേ തുടങ്ങാവൂ, ചിട്ടി ഒഴികെ മറ്റ് ബിസിനസ്സുകൾ ചെയ്യാൻ പാടില്ല, സ്ഥാപനത്തിന്റെ പേരിനൊപ്പം കറി/ചിട്ടി എന്ന നാമകരണം വേണം, ചിട്ടി വിളിച്ചെടുത്തശേഷം കൈപറ്റാത്ത സംഖ്യ ബാങ്കിൽ നിക്ഷേപിക്കണം എന്നീ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചിട്ടി സെക്യൂരിറ്റി നിക്ഷേപം 100% ട്രഷറിയിൽ സ്ഥിരനിക്ഷേപമാക്കാനുള്ള അനുമതിയും ചിട്ടി തുടങ്ങുവാൻ മുൻകൂർ അനുമതിയും നൽകിവരുന്നുണ്ട്. ചിട്ടി സെക്യൂരിറ്റി നിക്ഷേപത്തിന്റെ പലിശ മാസംതോറും കമ്പനിക്ക് ലഭ്യമാക്കുക, ചിട്ടി തുടങ്ങുവാനുള്ള മുൻകൂർ അനുമതി സ്ഥിരമായി നൽകുക, ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റ് കെ.എസ്.എഫ്.ഇ.യുടെ പേരിൽ നിക്ഷേപിച്ച് ആയത് ചിട്ടി രജിസ്റാർക്ക് അനുകൂലമായി 'ലീൻ' നോട്ട് ചെയ്യുക തുടങ്ങിയ കെ.എസ്.എഫ്.ഇ.-യുടെ മറ്റ് ആവശ്യങ്ങളിൽ തീരുമാനമായിട്ടില്ല. കൂടുതൽ ഇളവുകളും സംരക്ഷണവും നൽകുന്നതിന് സംസ്ഥാന സർക്കാരിന് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ചിട്ടി നിയമം (ചിട്ടി ഫണ്ട് ആക്ട്, 1982) പ്രകാരം ട്രഷറിയിൽ 749 കോടി രൂപയുടെ ചിട്ടി സെക്യൂരിറ്റി നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ നിക്ഷേപങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിട്ട്സിന്റെ പേരിലാണ് നടത്തിയിട്ടുള്ളത്.

(സി-ഇ) കേന്ദ്ര ചിട്ടി നിയമം അനുസരിച്ച് ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിട്ട്സിന്റെ പേരിലാണ് നടത്തേണ്ടത്. ഇപ്രകാരം നടത്തുന്ന ചിട്ടി സെക്യൂരിറ്റി നിക്ഷേപങ്ങൾ പലിശ സഹിതം ചിട്ടിവട്ടമെത്തുമ്പോൾ മാത്രമേ പിൻവലിക്കാനാവൂ. അതിനാൽ ഇത്തരം നിക്ഷേപത്തിന്മേലുള്ള പ്രതിമാസ പലിശ പിൻവലിക്കാനാവില്ല. കേന്ദ്ര ചിട്ടി നിയമം കെ.എസ്.എഫ്.ഇ.-ക്കും സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾക്കും ഒരുപോലെ ബാധകമാണ്.

(എഫ്) പുതിയ ചിട്ടി ആക്ട് വരുന്നതിന് മുമ്പ് ചിട്ടി സെക്യൂരിറ്റി നിക്ഷേപം കെ.എസ്.എഫ്.ഇ.യുടെ പേരിൽ നിക്ഷേപിച്ച് അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിൽ ബാധ്യത (ലീൻ) രേഖപ്പെടുത്തുകയാണ് ചെയ്തിരുന്നത്. 2011-12 സാമ്പത്തിക വർഷം പുതിയ ചിട്ടി ആക്ട് വരുന്നതിനുമുമ്പുള്ള ചിട്ടി സെക്യൂരിറ്റി ഡെപ്പോസിറ്റിന് കമ്പനിക്ക് ലഭിച്ച പലിശ 75.37 കോടി രൂപയാണ്. (പ്രതിമാസ പലിശ ശരാശരി 6.28 കോടി രൂപ)

(ജി) പുതിയ ചിട്ടി നിയമം കെ.എസ്.എഫ്.ഇ.-ക്ക് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല.

കെ.എസ്.എഫ്.ഇ.യിലെ ഒഴിവുള്ള തസ്തികകളിലെ നിയമനം

150 (7986) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്. എഫ്.ഇ.-യിലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം 5%ത്തിൽ നിന്നും 10% ആയി ഉയർത്തിയ സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

1281/2018

LIBRARY ARCHIVES Kerala Legislative Assembly